കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 08.06.2020

# കരാറുകാരുടെ ലൈസൻസ് ജൂൺ 30 വരെ പുതുക്കാം - മന്ത്രി ജി.സുധാകരൻ

2020 മാർച്ച് 31 നു കാലാവധി അവസാനിച്ച പൊതുമരാമത്ത് കരാറുകാരുടെ ലൈസൻസ് ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ പുതുക്കുന്നതിനുള്ള കാലാവധി മേയ് 30 വരെ ദീർഘിപ്പിച്ചുകൊണ്ടു സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല കരാറുകാർക്കും പ്രസ്തുത കാലാവധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കാരണം സാധിച്ചിട്ടില്ലെന്നും, ഇതു സംബന്ധിച്ചുള്ള നിവേദനങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. ഇവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ജൂൺ 8 മുതൽ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാൽ ജൂൺ 30 നകം പുതുക്കാത്തവരുടെ ലൈസൻസ് സ്വാഭാവികമായും റദ്ദാകുന്നതായിരിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.